KFDHQ/291/2021-ADMIN/E6

I/62013/2023

## ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ നടപടി ഉത്തരവ്

പുറപ്പെടുവിക്കുന്നത് : ഡോ. പി. പുകഴേന്തി ഐ.എഫ്.എസ്

**വിഷയം:** വനം വകുപ്പിലെ ഇൻഫർമേഷൻ ടെക്നോളജി സെല്ലിലെ ജീവനക്കാരുടെ സേവനം ദീർഘിപ്പിച്ച് നൽകുന്നത് - സംബന്ധിച്ച്.

**സൂചന:**
1. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം)-ടെ 12.07.2021-ലെ ഇ6-291/21 നമ്പർ ഉത്തരവ്.
2. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം)-ടെ 17.01.2022-ലെ ഇ6-291/21 നമ്പർ ഉത്തരവ്.
3. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം)-ടെ 14.06.2022-ലെ ഇ6-291/21 നമ്പർ ഉത്തരവ്.
4. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം)-ടെ 21.06.2022-ലെ ഇ6-291/21 നമ്പർ ഉത്തരവ്.
5. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം)-ടെ 04.01.2023-ലെ ഇ6-291/21 നമ്പർ ഉത്തരവ്.

### ഉത്തരവ് നമ്പർ ഇ6- 291/2021 തീയതി 16-06-2023

സർക്കാരിന്റെ 03.08.2018-ലെ ജി.ഒ (എം.എസ്) 17/2018/ITD നമ്പർ ഉത്തരവിന്റേയും ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഇൻഫർമേഷൻ ടെക്നോളജി)-യുടെ 05.07.2021-ലെ PCA2-766/09 നമ്പർ കത്തിലെ ശുപാർശയുടേയും അടിസ്ഥാനത്തിൽ വനം വന്യജീവി വകുപ്പിൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഇൻഫമേഷൻ ടെക്നോളജി)-യുടെ ഓഫീസിന് കീഴിൽ സൂചന (1) പ്രകാരം ഇൻഫർമേഷൻ ടെക്നോളജി സെൽ രൂപീകരിക്കുകയും പ്രസ്തുത സെല്ലിലേയ്ക്ക് യോഗ്യത മാനദണ്ഡ പ്രകാരം ജീവനക്കാരെ നിയമിക്കുകയും ചെയ്തിരുന്നു. സൂചന (1) ഉത്തരവ് പ്രകാരം ഇൻഫർമേഷൻ ടെക്നോളജി സെല്ലിൽ നിയമിതരായ സെക്ഷൻ ഫോറസ്റ്റ് ഓഫീസർ ശ്രീ.സോണി ബ്രൈറ്റ്, അപ്പർ ഡിവിഷൻ ടൈപ്പിസ്റ്റ് ശ്രീ.കെ.ബി.സന്തോഷ്, ക്ലാർക്ക് ശ്രീ.എസ്.ശരത് എന്നിവർ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഇൻഫർമേഷൻ ടെക്നോളജി)-യുടെ ഓഫീസിലെ സ്ഥിരം തസ്തികയിൽ ആണ് നിലവിൽ നിയമിതരായിട്ടുള്ളത്. എന്നാൽ, സെക്ഷൻ ഫോറസ്റ്റ് ഓഫീസറായ ശ്രീ.എം.സുനിൽ ജോലി ചെയ്തു വന്നിരുന്ന വാഴച്ചാൽ ഡിവിഷനിൽ നിന്നും ഒരു സെക്ഷൻ ഫോറസ്റ്റ് ഓഫീസർ തസ്തിക താൽക്കാലികമായി ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഇൻഫർമേഷൻ ടെക്നോളജി)-യുടെ ഓഫീസിലേയ്ക്ക് പുനർവിന്യസിച്ചിരുന്നു. കൂടാതെ സൂചന (4) പ്രകാരം ബീറ്റ് ഫോറസ്റ്റ് ഓഫീസറായ ശ്രീ.സനു.എസ്.ബി ജോലി ചെയ്തിരുന്ന തിരുവനന്തപുരം (ഫ്ളൈയിംഗ് സ്ക്വാഡ്) ഡിവിഷനിൽ നിന്നും താൽക്കാലികമായി ഒരു ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തിക ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ

(ഇൻഫർമേഷൻ ടെക്നോളജി)-യുടെ ഓഫീസിലേയ്ക്ക് പുനർ വിന്യസിച്ചിരുന്നു. ഇതിന്റെ കാലാവധി 16.06.2023-ൽ പൂർത്തിയാകുന്നു.

മേൽ സാഹചര്യത്തിൽ, വനം വകുപ്പ് ആസ്ഥാനത്തെ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഇൻഫർമേഷൻ ടെക്നോളജി)-യുടെ ഓഫീസിലെ ഇൻഫർമേഷൻ ടെക്നോളജി സെല്ലിന്റെ സുഗമമായ പ്രവർത്തനത്തിനായി നിലവിൽ ഇൻഫർമേഷൻ ടെക്നോളജി സെല്ലിൽ ഉള്ള സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരായ ശ്രീ.എം.സുനിൽ, ശ്രീ.സോണി ബ്രൈറ്റ്, ക്ലാർക്ക് ശ്രീ.ശരത്.എസ്, അപ്പർ ഡിവിഷൻ ടൈപ്പിസ്റ്റ് ശ്രീ.കെ.ബി.സന്തോഷ്, ബീറ്റ് ഫോറസ്റ്റ് ഓഫീസർ ശ്രീ.സനു.എസ്.ബി എന്നിവരെ തിരുവനന്തപുരം ഇൻഫർമേഷൻ ടെക്നോളജിയുടെ ഐ.ടി സെല്ലിലും, ഐ.ടി സെല്ലിന്റെ ഭാഗമായി പാലക്കാട് ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ്‌ലൈഫ്) & ഫീൽഡ് ഡയറക്ടറുടെ ഓഫീസിൽ ജോലി നോക്കുന്ന ശ്രീമതി. രഞ്ജന. വിയെ ടി ഓഫീസിലും ആറുമാസത്തേയ്ക്കുകൂടി തുടരുന്നതിനു അനുമതി നല്കികൊണ്ടും, തൃശ്ശൂർ സെൻട്രൽ സർക്കിളിലെ വാഴച്ചാൽ ഡിവിഷനിൽ നിന്നും ഇൻഫർമേഷൻ ടെക്നോളജി സെല്ലിലേയ്ക്ക് പുനർവിന്യസിച്ച ഒരു സെക്ഷൻ ഫോറസ്റ്റ് ഓഫീസർ തസ്തികയും തിരുവനന്തപുരം (ഫ്ളൈയിംഗ് സ്ക്വാഡ്) ഡിവിഷനിൽപ്പെട്ട കൺട്രോൾ റൂമിലെ ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയും ആറു മാസത്തേയ്ക്ക് കൂടി ഐ.ടി സെല്ലിൽ നിലനിർത്തുന്നതിനും, ടി ജീവനക്കാരെ 17.06.2023 പ്രാബല്യത്തിൽ ആറ് മാസ കാലയളവിൽ നിയമിക്കുന്നതിന് അനുമതി നൽകിക്കൊണ്ടും അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) ആയ ഡോ. പി.പുകഴേന്തി ഐ.എഫ്.എസ് എന്ന ഞാൻ ഇതിനാൽ ഉത്തരവാകുന്നു.

Signed by
Dr.p Pugazhendi Ifs
Date: 16-06-2023 16:21:59

**അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ**
**(ഭരണം)**

<u>പകർപ്പ്:</u>

1. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്.
2. ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഐ.ടി) /ടി ഉത്തരവ് ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണ്..
3. ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഹൈറേഞ്ച് സർക്കിൾ) കോട്ടയം/ സെൻട്രൽ സർക്കിൾ, തൃശ്ശൂർ.
4. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ മറയൂർ.
5. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ഫ്ളൈയിംഗ് സ്ക്വാഡ്, തിരുവനന്തപുരം.